നം.എൻ.ഇ.പി-1/66076/2014

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 29.08.2014

## സർക്കുലർ

വിഷയം :- **പൊതുവിദ്യാഭ്യാസം - അധ്യാപകദിനം - പ്രധാനമന്ത്രിയുടെ അഭിസംബോധന - നിർദേശങ്ങൾ - സംബന്ധിച്ച്**

സൂചന :- കേന്ദ്ര മാനവവിഭവശേഷി വികസനവകുപ്പ് സെക്രട്ടറി ശ്രീ. രാജർഷി ഭട്ടാചാര്യയുടെ 27.08.2014 ലെ 11-22/2014-RMSA-I/ICT -നാം നമ്പർ കത്ത്

ഈ വർഷത്തെ അധ്യാപക ദിനത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാന മന്ത്രി രാജ്യത്തെ എല്ലാ സ്കൂൾ വിദ്യാർഥികളുമായി സംവദിക്കുകയും അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്യുന്നു. ഇതിന്റെ തത്സമയ സംപ്രേഷണം ദൂരദർശനിലെ ദേശീയ, പ്രാദേശിക ചാനലുകൾ വഴിയും വിക്ടേഴ്സ് ചാനൽ, വെബ്കാസ്റ്റിംഗ്, യുട്യൂബ്, എഡ്യൂസാറ്റ്, റേഡിയോ എന്നിവ വഴിയും ഉണ്ടായിരിക്കുന്നതാണ്. 05.09.2014 വെള്ളിയാഴ്ച ഉച്ചയ്ക്ക് 3 മണിമുതൽ 4.45 വരെയാണ് ഈ സംപ്രേഷണം. സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർഥികൾക്കും ഈ പരിപാടി കാണുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

വിക്ടേഴ്സ് ചാനൽ ലഭ്യമാക്കിയിട്ടുള്ള എല്ലാ സ്കൂളുകളിലും അതുപയോഗിച്ച് തത്സമയ സംപ്രേഷണം കാണിക്കേണ്ടതാണ്. ഇന്റർനെറ്റ് സൗകര്യം ലഭ്യമായിട്ടുള്ള ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ വിഭാഗം സ്കൂളുകളിൽ ഈ സൗകര്യം ഉപയോഗിച്ച് എൽ.സി.ഡി പ്രൊജക്ടർ മുഖാന്തിരം വലിയ സ്ക്രീനിൽ ഈ പരിപാടി കാണിക്കേണ്ടതാണ്. ശബ്ദത്തിനായി സ്കൂളിലെ ലൗഡ് സ്പീക്കർ സംവിധാനം ഉപയോഗിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജില്ലാ ഐ.ടി കോർഡിനേറ്റർമാർ ചെയ്യേണ്ടതും ആയതിന്റെ വിവരം അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ അറിയിക്കേണ്ടതുമാണ്. ഇന്റർനെറ്റ് സൗകര്യം ലഭ്യമാകാത്ത സ്കൂളുകളിൽ ടെലിവിഷൻ മുഖാന്തിരം ഈ പരിപാടി കാണിക്കേണ്ടതാണ്. ദൂരദർശന്റെ ദേശീയ, പ്രാദേശിക ചാനലുകളിലും, ഐ.ടി@സ്കൂളിന്റെ വിക്ടേഴ്സ് ചാനലിലും ഈ പരിപാടി തത്സമയം കാണിക്കുന്നതാണ്.

ഇന്റർനെറ്റ്/ടെലിവിഷൻ സൗകര്യം ഉപയോഗിക്കുവാൻ കഴിയാത്ത സ്കൂളുകളിൽ റേഡിയോ ഉപയോഗിച്ച് ഈ പരിപാടിയുടെ തത്സമയ ശബ്ദരേഖ വിദ്യാർഥികൾക്ക് കേൾക്കുവാനുള്ള സൗകര്യം ഉറപ്പുവരുത്തേണ്ടതാണ്. വീഡിയോ കാണിക്കുവാൻ മറ്റ് ഒരു ഉപാധിയും ഇല്ലെങ്കിൽ മാത്രമേ റേഡിയോ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇതിന്റെ ചുമതല അതാത് ജില്ലകളിലെ എസ്.എസ്.എ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർമാരെയും, ബി.ആർ.സി മാരെയും ഏൽപ്പിച്ചിട്ടുണ്ട്.

കുട്ടികൾ കുറവുള്ള സ്കൂളുകൾ, മുകളിൽ പറഞ്ഞ സൗകര്യങ്ങൾ ഒന്നുംതന്നെ ഒരുക്കുവാൻ കഴിഞ്ഞില്ലായെങ്കിൽ തൊട്ടടുത്തുള്ള സൗകര്യങ്ങൾ ഉള്ള സ്കൂളുകളിലേക്ക് വിദ്യാർഥികളെ കൊണ്ടുപോവുകയോ, ബി.ആർ.സികളുടെ നിർദേശപ്രകാരമോ പ്രവർത്തിക്കേണ്ടതുമാണ്.

2014 സെപ്തംബർ 5-ാം തീയതി ഉച്ചയ്ക്ക് 3 മണിമുതൽ 4.45 വരെ നടക്കുന്ന ഈ പരിപാടിയ്ക്ക് അന്നേ ദിവസം ഉച്ചയ്ക്ക് 2.30നുതന്നെ വേണ്ട ക്രമീകരണങ്ങൾ പൂർത്തിയാക്കേണ്ടതാണ്. വൈദ്യുതിതടസ്സം ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട ഓഫീസുകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആവശ്യപ്പെടേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു ട്രയൽ ഡിസ്പ്ലേ 01.09.2014 ന് 2.30 മണിക്ക് നടത്തുന്നതായിരിക്കും.

റവന്യൂ ജില്ലാതലത്തിൽ ഇതിന്റെ മേൽനോട്ടം അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കായിരിക്കും. ഹയർ സെക്കണ്ടറി ആർ.ഡി.ഡി. വൊക്കേഷണൽ ഹയർ സെക്കണ്ടറി എ.ഡി, എസ്.എസ്.എ. ഡി.പി.ഒ ഇതിനുവേണ്ട സഹായങ്ങൾ ചെയ്യേണ്ടതാണ്. വിദ്യാഭ്യാസ ജില്ലാതലത്തിൽ ഡി.ഇ.ഒയും, ഉപജില്ലാതലത്തിൽ എ.ഇ.ഒയും ഇതിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ട കാര്യങ്ങൾ ചെയ്യേണ്ടതാണ്.

ഇക്കാര്യത്തിൽ എ.ഇ.ഒ-മാർക്ക് ബി.ആർ.സി-മാരിൽനിന്ന് ആവശ്യമായ സഹായം തേടാവുന്നതാണ്. ട്രാൻസിസ്റ്റർ റേഡിയോയും സ്വന്തമായിട്ടില്ലാത്ത സ്കൂളുകൾക്ക് എസ്.എസ്.എയുടെ സ്കൂൾ ഗ്രാന്റ് ഉപയോഗിച്ച് അത് വാങ്ങാവുന്നതാണ്.

ഹിന്ദി/ഇംഗ്ലീഷ് അധ്യാപകരുടെ സേവനം ഇതുമായി ബന്ധപ്പെട്ട പരിഭാഷ നടത്തുവാൻ നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. അന്നേദിവസം ഓണാഘോഷം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്കൂളുകൾ ഉച്ചയ്ക്കുതന്നെ ഓണാഘോഷം പൂർത്തിയാക്കി ഈ പരിപാടിയ്ക്കായി തയാറാകേണ്ടതാണ്. അന്നേദിവസം അവധിയുള്ള സ്കൂളുകൾക്കുവേണ്ടി ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ ഈ പരിപാടി റെക്കോർഡ് ചെയ്യേണ്ടതും അടുത്ത പ്രവർത്തിദിവസംതന്നെ വിദ്യാർഥികളെ കാണിക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട് നടത്തിയ തയാറെടുപ്പുകളുടെ ഒരു റിപ്പോർട്ട് 01.09.2014 വൈകുന്നേരം 5 മണിക്കുമുമ്പായി വിദ്യാഭ്യാസ ഡയറക്ടർക്ക് ഇ-മെയിൽ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. പരിപാടിക്കുശേഷം പങ്കെടുത്ത കുട്ടികളുടെ എണ്ണവും ഉപയോഗിച്ച മാധ്യമവും കാണിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ട് 05.09.2014നുതന്നെ സമർപ്പിക്കേണ്ടതാണ്.

കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രഥമാധ്യാപകർക്കും (എ.ഇ.ഒ/ഡി.ഇ.ഒ-മാർ മുഖേന)
5. ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം
6. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം
7. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ.

പകർപ്പ് :-

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)